# കേരള സർവകലാശാല

നം. പി.ആർ.234/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വൈവ പരീക്ഷകേന്ദ്ര മാറ്റം

കേരള സർവകലാശാല ഒക്ടോബർ 30, 31, നവംബർ ഒന്ന്, രണ്ട് തീയതികളിൽ യൂണിവേഴ്സിറ്റി കോളേജിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് & എം.എ ബിസിനസ്സ് ഇക്കണോമിക്സ് (ജൂലൈ 2017) പരീക്ഷയുടെ വൈവ അതേ തീയതികളിൽ തിരുവനന്തപുരം ഗവ: ആർട്ട്സ് കോളേജിൽ വച്ചു നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല നവംബർ ആറിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്.എസ് - എഫ്.ഡി.പി 2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ - മേഴ്സിചാൻസ്) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ /ബി.കോം /ബി.ബി.എ എൽ എൽ ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല സെപ്റ്റംബർ 2016 ൽ നടത്തിയ നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ /ബി.കോം /ബി.ബി.എ എൽ എൽ ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചവർ ഒക്ടോബർ 28 മുതൽ നവംബർ നാല് വരെയുള്ള പ്രവർത്തിദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുന:പരിശോധനാ വിഭാഗത്തിൽ (ഇ.ജെ1 സെക്ഷൻ) എത്തിച്ചേരേണ്ടതാണ്.

### എൽ എൽ ബി വൈവ പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) എൽ എൽ ബി (2011-12-ന് മുമ്പുള്ള അഡ്മിഷൻ) (കോമൺ ഫോർ മേഴ്സിചാൻസ്) പരീക്ഷയുടെ വൈവ പരീക്ഷ നവംബർ രണ്ടിന് യൂണിവേഴ്സിറ്റിയുടെ പാളയം സെനറ്റ് ഹാൾ ക്യാമ്പസ് ഐ.ക്യു.എ.സി റൂമിൽ വച്ച് ഉച്ചയ്ക്ക് 2.30-ന് നടത്തുന്നതാണ്.

തിരുവനന്തപുരം.
28.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098